# പതിനഞ്ചാം കേരള നിയമസഭ
# രണ്ടാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

10-08-2021

## (12) ക്രമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

2021 ആഗസ്റ്റ് 10-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്ന വ്യവസ്ഥപ്രകാരമെന്ന് ചൂണ്ടിക്കാണിച്ച് 26-07-2021-ന് ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കിയത് പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധവും ചട്ടം 166 പ്രകാരം അവകാശം നിഷേധിക്കുന്നതും ക്രമവിരുദ്ധവുമാണെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വകുപ്പ് 72(1)-ന്റെ പ്രാബല്യത്തീയതി മുതൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഉള്ള പഠന കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മുഖേനയല്ലാതെ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും വിദൂര വിദ്യാഭ്യാസം മുഖേനയുള്ള കോഴ്സുകളിൽ പ്രവേശനമാഗ്രഹിക്കുന്ന

കുട്ടികളുടെ പഠനാവസരം സംരക്ഷിക്കുന്നതിനും നിലവിൽ ഇത്തരം കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സുകൾ തുടർന്നും നടത്തുന്നതിനും നിയമത്തിന്റെ 63-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകി ഇറക്കിയ ഉത്തരവ് എസ്.ആർ.ഒ. ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും പ്രസ്തുത നടപടി വ്യവസ്ഥ പ്രകാരമായതിനാൽ സഭയുടെ അവകാശം ലംഘിക്കുന്ന സാഹചര്യമുണ്ടായിട്ടില്ലെന്നും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 63-ാം വകുപ്പിലെ നിബന്ധന സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്ത് ജൂലൈ 27-ാം തീയതി ചോദ്യോത്തര വേളയിൽ ഉന്നയിച്ചതിനെത്തുടർന്ന് സർക്കാർ ഇക്കാര്യം പുന:പരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്കും സഭാ ചട്ടങ്ങൾക്കും അനുരോധമാകത്തക്ക വിധത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, നിലവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്താനാവശ്യമായ

---

അനുമതി നൽകിക്കൊണ്ടുള്ള എസ്.ആർ.ഒ. ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞതായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അറിയിച്ച സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഇത്തരത്തിലുള്ള ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ജാഗ്രത ഉണ്ടാകേണ്ടതാണ്.